"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ജലവിഭവ വകുപ്പ് - തൃശ്ശൂർ ജില്ലയിലെ പുഴയ്ക്കൽ ബ്ലോക്ക് കോലാഴി ഗ്രാമപഞ്ചായത്തിലെ തണ്ണികുടം പുഴയിൽ കല്ലായിചിറ എന്ന സ്ഥലത്ത് ചെക്ക് ഡാം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജലവിഭവ (ഭൂജല) വകുപ്പ്**

സ.ഉ.(സാധാ) നം.252/2024/WRD    തീയതി,തിരുവനന്തപുരം, 16-03-2024

---

പരാമർശം:-
1. ഭൂജല വകുപ്പ് ഡയറക്ടറുടെ 17.10.2023 തീയതിയിലെ ഡി.ജി.ഡബ്ല്യൂ.ഡി/991/2023/റ്റി(3) നമ്പർ നടപടിക്രമം.
2. ഭൂജല വകുപ്പ് ഡയറക്ടറുടെ 17.10.2023 തീയതിയിലെ ഡി.ജി.ഡബ്ല്യൂ.ഡി/991/2022/റ്റി3 നമ്പർ കത്ത്
3. ഭൂജല വകുപ്പ് ഡയറക്ടറുടെ 27.02.2024 തീയതിയിലെ ഡി.ജി.ഡബ്ല്യൂ.ഡി/991/2023-റ്റി3 നമ്പർ കത്ത്.
4. 06.03.2024ൽ നടന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ ശിപാർശ.

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലയിലെ കോലാഴി ഗ്രാമപഞ്ചായത്തിലെ തണ്ണികുടം പുഴയിൽ കല്ലായിചിറ എന്ന സ്ഥലത്ത് ഒരു ചെക്ക് ഡാം നിർമ്മിക്കുന്നതിനായി ഭൂജല വകുപ്പിന്റെ കൃത്രിമ ഭൂജലസംരക്ഷണവും, സംപോഷണവും പദ്ധതി 4702-00-102-97 (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും 1,39,88,679/- രൂപ (ഒരു കോടി മുപ്പത്തൊൻപത് ലക്ഷത്തി എൺപത്തിയെണ്ണായിരത്തി അറുനൂറ്റി എഴുപത്തി ഒൻപത് രൂപ മാത്രം) ചെലവിൽ മൈനർ ഇറിഗേഷൻ, തൃശ്ശൂർ ഡിവിഷൻ മുഖേന പൂർത്തീകരിക്കുന്നതിന് പരാമർശം (1) പ്രകാരം ഭൂജല വകുപ്പ് ഡയറക്ടർ അനുമതി നൽകിയിരുന്നു.

2. എന്നാൽ വലിയ ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിനുള്ള വൈദഗ്ധ്യം ഉള്ളവരും, പരിചയസമ്പന്നരുമായ ഉദ്യോഗസ്ഥർ ഭൂജല വകുപ്പിൽ ഇല്ലാത്തതിനാൽ ചെറുകിട ജലസേചന വകുപ്പ്, തൃശ്ശൂർ ഡിവിഷൻ മുഖാന്തിരം പ്രസ്തുത പ്രവർത്തി നടപ്പിലാക്കുന്നതിനും ഭൂജല വകുപ്പിന്റെ കൃത്രിമ ഭൂജലസംരക്ഷണവും, സംപോഷണവും പദ്ധതി 4702-00-102-97 (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും പ്രസ്തുത ചെക്ക് ഡാമിന്റെ നിർമ്മാണത്തിനായി ചെലവാകുന്ന

1,39,88,679/- രൂപ (ഒരു കോടി മുപ്പത്തൊൻപത് ലക്ഷത്തി എൺപത്തിയെണ്ണായിരത്തി അറുനൂറ്റി എഴുപത്തി ഒൻപത് രൂപ മാത്രം) മൈനർ ഇറിഗേഷൻ, തൃശ്ശൂർ ഡിവിഷന്റെ 8443-00-108-00-00-00-0NV PW എന്ന ശീർഷകത്തിലേക്ക് മാറ്റി നൽകുന്നതിനുമുള്ള അനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം ഡയറക്ടർ അപേക്ഷിച്ചിരുന്നു.

3. തുടർന്ന് ചെക്ക് ഡാം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി ലഭിക്കുന്നതിലേക്കായി പ്രസ്തുത പ്രവർത്തിയുമായി ബന്ധപ്പെട്ട ഹൈഡ്രോജിയോളജിക്കൽ റിപ്പോർട്ട്, എസ്റ്റിമേറ്റ് തുടങ്ങിയവ പരാമർശം (3) പ്രകാരം ഡയറക്ടർ സമർപ്പിക്കുകയുണ്ടായി.

4. പരാമർശം (4) പ്രകാരം തൃശ്ശൂർ ജില്ലയിലെ കോലാഴി ഗ്രാമപഞ്ചായത്തിലെ തണ്ണികുടം പുഴയിൽ കല്ലായിചിറ എന്ന സ്ഥലത്ത് ഒരു ചെക്ക് ഡാം 1,39,88,679/- രൂപ (ഒരു കോടി മുപ്പത്തൊൻപത് ലക്ഷത്തി എൺപത്തിയെണ്ണായിരത്തി അറുനൂറ്റി എഴുപത്തി ഒൻപത് രൂപ മാത്രം) ചെലവിൽ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുന്നതിലേക്കായി ശിപാർശ ചെയ്യുകയുണ്ടായി.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിലെ കോലാഴി ഗ്രാമപഞ്ചായത്തിലെ തണ്ണികുടം പുഴയിൽ കല്ലായിചിറ എന്ന സ്ഥലത്ത് ഒരു ചെക്ക് ഡാം മൈനർ ഇറിഗേഷൻ, തൃശ്ശൂർ ഡിവിഷൻ മുഖേന പൂർത്തീകരിക്കുന്നതിനും EST No.IRR/IA/EST/1003/2023_5_1_1 (Edit Id : 5), EST No.IRR/IA/EST/1003/2023_3_2_1 (Edit Id : 1) എന്നീ എസ്റ്റിമേറ്റുകൾക്ക് അംഗീകാരം നല്കുകയും അതിൻ പ്രകാരം പ്രസ്തുത പ്രവർത്തിയ്ക്കായി അനുവദിയ്ക്കുന്ന തുക 1,39,88,679/- രൂപ (ഒരു കോടി മുപ്പത്തൊൻപത് ലക്ഷത്തി എൺപത്തിയെണ്ണായിരത്തി അറുനൂറ്റി എഴുപത്തി ഒൻപത് രൂപ മാത്രം) എന്നതിൽ നിജപ്പെടുത്തിക്കൊണ്ട് ഭൂജല വകുപ്പിന്റെ കൃത്രിമ ഭൂജലസംരക്ഷണവും, സംപോഷണവും പദ്ധതി 4702-00-102-97 (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും നടപ്പ് സാമ്പത്തിക വർഷം അനുവദിച്ചുകൊണ്ടും ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അശോക് കുമാർ സിംഗ് ഐ എ എസ്
പ്രിൻസിപ്പൽ സെക്രട്ടറി

ഡയറക്ടർ, ഭൂജല വകുപ്പ്, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ (ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ), തിരുവനന്തപുരം.
ജില്ലാ കളക്ടർ, തൃശ്ശൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഏ&ഇ/ആഡിറ്റ്) കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ്, വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിന്).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Julie K S
Date: 16-03-2024 16:22:54

സെക്ഷൻ ഓഫീസർ